Page 1 of 1

(ബി) കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കുടിശ്ശിക തീർപ്പാക്കാൻ പ്രത്യേക ഇളവ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. മറ്റ് ബാങ്കുകൾ/സംഘങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കരുവന്നൂർ ബാങ്കിലെ നിക്ഷേപകരുടെയും വായ്പക്കാരുടേയും ആശങ്ക

258 (3690) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ജപ്തി നടപടികൾ പാടില്ലെന്ന നിബന്ധന നിലനിൽക്കെ കരുവന്നൂർ സഹകരണ ബാങ്കിൽനിന്നും ജപ്തി നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്തംഗം ടി. എം. മുകുന്ദൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുൻ പഞ്ചായത്തംഗം ടി. എം. മുകുന്ദൻ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാൾ എടുത്ത വായ്പയിൽ ബാങ്ക് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ലാത്തതും ജപ്തി നോട്ടീസ് നൽകിയിട്ടില്ലാത്തതുമാണ്.

(ബി) ബാങ്കിൽ നിക്ഷേപിച്ച പണം സംബന്ധിച്ച് നിക്ഷേപകരുടെ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നത് എന്നറിയിക്കുമോ?

ബാങ്കിന്റെ ഭരണചുമതല സഹകരണ വകുപ്പിലെ മൂന്ന് അംഗങ്ങളടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് സർ ചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നു. കൂടാതെ ക്രമക്കേടിൽ പങ്കാളിയായവരുടെ സ്ഥാവരജംഗമ വസ്തുക്കൾ അറ്റാച്ച് ചെയ്ത് നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കരുവന്നൂർ സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്തവരും കോവിഡ് പ്രതിസന്ധിയിൽ ജീവനോപാധിപോലും നഷ്ടപ്പെട്ടവരുമായ സാധാരണക്കാർക്ക് വായ്പ തിരിച്ചടവിന് സാവകാശം നൽകാൻ തയ്യാറാകുമോ; വിശദമാക്കാമോ?

വായ്പ തിരിച്ചടവിന് നിയമപ്രകാരമുള്ള സാവകാശം അനുവദിക്കുന്ന വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly